**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.ടി 4965**
**27/06/2019-ലെ മറുപടിക്ക്**
**'തുടർച്ചാനുമതി നൽകിയിട്ടുള്ള തസ്തികകൾ'**

| ചോദ്യം<br>ശ്രീ.എം.വിൻസന്റ്<br>എം.എൽ.എ | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ, ബോർഡ്, കമ്പനി, കോർപ്പറേഷൻ, പ്രൊജക്ടുകൾ എന്നിവയിലെ ഏതെല്ലാം തസ്തികകൾക്കാണ് തുടർച്ചാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെടുന്നതും ആവശ്യം പൂർത്തീകരിച്ചു കഴിയുമ്പോൾ നിർത്തലാക്കുകയും ചെയ്യുന്ന ഓഫീസുകൾക്കും തസ്തികകൾക്കുമാണ് തുടർച്ചാനുമതി ആവശ്യമുള്ളത്. ഓരോ വകുപ്പും നൽകുന്ന ശുപാർശ പരിശോധിച്ചാണ് തുടർച്ചാനുമതി നൽകാറുള്ളത്. പല വകുപ്പുകളിലും ഇത്തരത്തിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകൾ ഉണ്ട്. റവന്യു വകുപ്പിന് കീഴിലുള്ള LA യൂണിറ്റുകൾ, ലാന്റ് ട്രിബ്യൂണലുകൾ, സർവ്വേ വകുപ്പിന് കീഴിലുള്ള റീസർവ്വേ ഓഫീസുകൾ, പോലീസ് വകുപ്പ്, വിജിലൻസ് വകുപ്പ്, വനം വകുപ്പ്, ജലസേചന വകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവിധ കമ്മീഷനുകൾ, പ്രോജക്ടുകൾ എന്നിവിടങ്ങളിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകൾ ഉണ്ട്. കൂടാതെ All India Service-ലെ Ex-cadre തസ്തികകളും തുടർച്ചാനുമതിയിലാണ് നിലനിർത്തി പോരുന്നത്. ഇത്തരത്തിലുള്ള ഓഫീസുകളുടെ പേരും ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച് ക്രോഡീകരിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. |
| ബി) | ഇപ്രകാരം 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിൽ തസ്തികകൾക്ക് ധനകാര്യ വകുപ്പിൽ നിന്നും തുടർച്ചാനുമതി ലഭ്യമായിട്ടുള്ള വിവിധ വകുപ്പുകൾ, ബോർഡ്, കമ്പനി, കോർപ്പറേഷൻ, പ്രൊജക്ടുകൾ എന്നിവ ഏതെല്ലാം; പ്രസ്തുത കാലയളവിൽ ഇതിലെ ഏതെല്ലാം തസ്തികകൾക്കാണ് തുടർച്ചാനുമതി ലഭിച്ചിട്ടുള്ളത്; | |
| സി) | 2018-2019 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പ് തുടർച്ചാനുമതി നിഷേധിച്ച വകുപ്പ്, കമ്പനി, കോർപ്പറേഷൻ, ബോർഡ്, പ്രോജക്ട് എന്നിവ ഏതെല്ലാമാണെന്നും ഇവയിൽ തുടർച്ചാനുമതി നിഷേധിച്ച തസ്തികകൾ ഏതെല്ലാമാണെന്നും ഈ സർക്കാരിന്റെ കാലത്ത് വെട്ടിക്കുറച്ച തസ്തികകൾ ഏതെല്ലാമെന്നും വിശദമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ